[Mr. K. Kunjukrishna Pillai.]

it is up to the House to give him a chance to continue it for one year. The Director has given a very great undertaking in saying that he will be able to show next year that the Tannery is a profitable concern and that it could be run in a business-like manner. Whatever might be the results, I think we must await the results in the light of the undertaking given by him. It is but fair to give him a chance now and see whether this industry prospers at all.

MR. N. JOHN JOSEPH (*Nominated*) : സർ, ഇതുവരെയും ഈ ഉപക്ഷേപത്തെ സംബന്ധിച്ച് യാതൊന്നും സംസാരിയ്ക്കേണ്ട എന്നാണ ഞാൻ വിചാരിച്ചിരുന്നത്. എന്നാൽ ഇവിടെ സംസ്കരിച്ച തോലിന്റെ ഗുണംകണ്ടിട്ടും അതു രണ്ടുമിനിട്ടുനേരം കയ്യിൽവച്ച് അതിന്റെ സുഖം ആനന്ദിക്കാനുള്ള സൌകര്യം കിട്ടിയതുകൊണ്ടും ഞാൻ തന്നിയെ എഴുന്നേറ്റുപോയതാണ്. ഇങ്ങനെയുള്ള ഓരൊ തൊഴിലുകളും വ്യവസായ ഡിപ്പാർട്ടുമെൻറു മുഖാന്തരം നടത്തുന്നപക്ഷം ഞാനുൾപ്പെട്ട പിന്നോക്കം നില്ക്കുന്ന അധഃകൃതസമുദായക്കാക്ക് തൊഴിൽ ലഭിക്കുന്നതിനു സാധിക്കും എന്നുള്ള സംഗതി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. നാട്ടിൽ അനവധി ആളുകൾ തൊഴിലില്ലാതെ അലഞ്ഞുതിരിയുന്ന ഈ അവസരത്തിൽ ഇങ്ങനെയുള്ള വ്യവസായങ്ങളെ നിറുത്തിക്കൊണ്ടുപോകണം എന്നു പറയുന്ന ഉപക്ഷേപം തീർച്ചയായും മറുള്ളവരെ പട്ടിണിയിടുന്നതിനായി കൊണ്ടുവരുന്ന ഒരു ഉപക്ഷേപം ആണെന്നല്ലാതെ അതിനു മറു് അർത്ഥം ഉണ്ടെന്നു വിചാരിക്കാൻ അവകാശമില്ല. ഇതിനെക്കാൾ നല്ലതായിട്ടും മറു പലതരത്തിലും ഇന്നു് സാമ്പത്തികാധഃപതനം നിമിത്തം പട്ടിണികിടന്നു കഷ്ടപ്പെടുന്ന ജനങ്ങൾക്കു് തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനുപകരം ഇതുമാതിരിയുള്ള വ്യവസായങ്ങൾ നിറുത്തിക്കളയുകയാണെങ്കിൽ അതില്പരം കഷ്ടമായിട്ടു മറു യാതൊന്നുംതന്നെ വ്യവസായഡിപ്പാർട്ടുമെൻറു ചെയ്യാനില്ല. ഏതൊരു രാജ്യത്തിന്റെയും അഭിമാനം നിലനില്ക്കുന്നതു് ആ രാജ്യത്തിലെ അധഃകൃതരെയും പട്ടിണിക്കാരെയും സുഭിക്ഷമായ നിലയിൽ വളർത്തിക്കൊണ്ടുപോകുന്നതിലാണ്. ഗവണ്മെൻറു ഖജനാവിൽ സംഖ്യയില്ലാതെ കിടപ്പുള്ള പണം എടുത്തു് സാധുക്കൾക്കു കൊടുത്തു് അവരെ തൃപ്തിപ്പെടുത്തുക എന്നുള്ളതു സാദ്ധ്യമല്ല. അന്നന്നത്തെ ആഹാരത്തിനു കിട്ടുമാറു് ഏതെങ്കിലും തൊഴിൽ വിളിച്ചു കൊടുക്കയാണ് ഗവണ്മെൻറു ചെയ്യേണ്ട ഉത്തമമായ സഹായം. അതുകൊണ്ടു് ഇന്നു നാട്ടിൽ ബാധിച്ചിരിക്കുന്ന ഈ ക്ഷാമത്തിനു് ഒരു നിവാരണം ഉണ്ടാകണമെങ്കിൽ പലതരത്തിലുള്ള വ്യവസായങ്ങൾ വ്യവസായവകുപ്പിൽനിന്നു തുടർന്നുകൊണ്ടുപോകേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പുതിയ ഡയറക്ടരുടെ വരവോടുകൂടി ഈ ഡിപ്പാർട്ടുമെൻറിന് ഒരു നവചൈതന്യം ഉണ്ടായിട്ടുണ്ടെന്നുള്ളതു് ഇക്കൊല്ലത്തെ വ്യവസായ ഡിപ്പാർട്ടുമെൻറു ബഡ്ജറിൽനിന്നു കാണാൻ സാധിക്കും. എന്നാൽ പത്തുലക്ഷത്തോളം ജനസംഖ്യയുള്ള ഒരു വർഗ്ഗക്കാരുടെ ഉപജീവനത്തിനു് അത്യന്താപേക്ഷിതമായ കുടിൽവ്യവസായങ്ങൾക്കു് വല്ല പ്രസ്ഥാനവും ഉണ്ടോ എന്നു നോക്കുമ്പോൾ ഒന്നും ഇല്ലെന്നാണു കാണുന്നതു്.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnathur*). A point of order, Sir. is the member allowed to speak about the disabilities, the depressed classes are labouring under, while the motion is in regard to the abolition of the Tannery section of the Industries Department?

MR. N. JOHN JOSEPH (*Nominated*) : ഞാൻകുടിൽവ്യവസായത്തിന്റെ ആവശ്യകതയെപ്പറ്റി പറയുമ്പോൾ അതില്ലാതിരിക്കുന്നതുകൊണ്ടുള്ള ദോഷങ്ങളെക്കൂടി പറയേണ്ടതുണ്ടല്ലൊ. അതിനാൽ ഞാൻ ഈ ഉപക്ഷേപത്തിന്റെ പരിധിയിൽ നിന്നു വ്യതിചലിച്ചിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഈ ഉപക്ഷേപത്തിൽ അധ്യക്ഷതരുടെ അവശതകളെപ്പറ്റി പറയാൻപാടില്ല. ഈ ഉപക്ഷേപം തോൽ വ്യവസായത്തെപ്പറ്റിയാണ്. അതുകൊണ്ടു അതിനെപ്പറ്റി മാത്രമെ പറയാൻപാടുള്ളൂ.

MR. N. JOHN JOSEPH (*Nominated*): അതിനാൽ തോൽവ്യവസായത്തെ ഇപ്പോൾ ഇരിക്കുന്ന രീതിയിൽനിന്നു കൂടുതൽ അഭിവൃദ്ധിപ്പെടുത്തി കൂടുതൽ പണവും ചിലവുചെയ്തു പൊതുജനങ്ങൾക്കു് ഉപയോഗപ്രദമാക്കിത്തീർക്കുകയും തൊഴിലില്ലാതെ അലയുന്ന ജനങ്ങൾക്കു് ഇങ്ങനെയുള്ള വ്യവസായങ്ങൾ ഏർപ്പെടുത്തി തൊഴിലുകൊടുക്കുകയും ചെയ്യണമെന്നു ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ എതിർത്തുകൊള്ളുന്നു.

MR. A. THANU PILLAI (*Trivandrum*): Sir, I am not enamoured of the prospect held out to us by the Director, that he will be able to supply all the leather required for the Stationery Department.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): Why should he be so pessimistic ?

MR. A. THANU PILLAI (*Trivandrum*): That question is very easily answered. We are maintaining this section at a cost of about Rs. 15,000 per annum. Even supposing that the Director is able to manufacture all the leather required for the Stationery Department, it may after all come to about Rs. 10,000. Suppose we are able to make a profit of Rs. 1,000 out of that. Are we to maintain this section for

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai.]

making a saving of Rs. 1,000 annually at the same time spending about Rs. 15,000? That is why I said at the very outset that I am not enamoured of the prospects held out by the Director. I put a question to the Director as to whether he attaches more importance to the teaching side or this manufacturing side. He told us that this was going to be only an experimental business. If he had told us that the object with which he wanted to maintain this section of the Department is mainly to produce leather for the Stationery Department, I would unhesitatingly protest against it and would vote for its abolition. He is not in a position to tell us whether he would be able to manufacture all the leather required for the Army and the Police. We are spending something like Rs. 15,000, and are we to be satisfied with supplying leather for the Stationery Department only? We should not allow this section to continue. That is my opinion.

Then there is the other aspect of the question. The Director says that he will be able to train some people and that there is scope for leather industry in Travancore. Relying on these statements and also on the earnestness with which he has pleaded here that he should be allowed to try the Tannery section for at least one year more so that he may be enabled to show better results, I am inclined not to press this motion. But, I do so on this distinct understanding that this expenditure should not be incurred by Government from year to year unnecessarily and that the Director will be able to convince the House at the end of the year that the expenses incurred are not in vain. Unless he satisfies the House that the continuance of this section is justified and that it is not a waste of public money, certainly the Tannery section must go, if not now, at least at the end of 1108. The Training of students may be a good idea. There are already many tanneries in the State. Why not our Experts render some help to persons who are running these tanneries? The proprietors of these tanneries may not be trained men or they might have engaged people who might not have had occasion to train themselves. In view of the fact that private tanneries exist in our State, will it be proper for the Government to lay stress on the continuance of the Tannery section of the Industrial Department for the purpose of manufacturing leather for the Stationery Department? As matters stand at present, I do not wish to press the motion. If this section does not prove a success at the end of the year, he must not be given another chance for continuing this experiment and provision must not be made in the Budget for 1109 for this item. With these observations, I withdraw my motion.

PRESIDENT: Does the House allow the motion to be withdrawn?

The motion was, by leave, withdrawn.

Motion No. 152.

MR. N. JOHN JOSEPH (*Nominated*): സർ, ഡയറക്ഷനായി ചെത്തിട്ടുള്ള ഫണ്ട്,നർ ത്ത രൂപയിൽനിന്ന് ഒരുരൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം ചേരമർ, സാംബവർ തുടങ്ങിയുള്ള അധഃകൃതവർഗ്ഗക്കാർക്ക് വ്യവസായഡിപ്പാർട്ടുമെൻറിൽ കടന്നുകൂടുന്നതിനുള്ള പ്രയാസത്തെ ഗവണ്മെൻറിനെ ധരിപ്പിക്കണം എന്നുള്ളതു മാത്രമാണ്. ഉദ്യോഗനിയമന കാര്യത്തിൽ വ്യവസായ ഡിപ്പാർട്ടുമെൻറ് അധഃകൃതസമുദായങ്ങളോടു കുറെക്കൂടി സൌഹാർദ്ദമായി പെരുമാറണം എന്നുള്ള സംഗതിഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളട്ടെ. അധഃകൃതർ വ്യവസായത്തിൽ ജന്മനാ വാസനായുള്ളവരാകുന്നു. അവർക്ക് ഈ ഡിപ്പാർട്ടുമെൻറിൽ കടന്നുകൂടാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്നുണ്ടെന്നുള്ള സംഗതി ഗവണ്മെൻറു പ്രത്യേകം അറിയേണ്ടതാണ്.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): അധഃകൃതക്കു ഏതുദ്യോഗമാണ് ഈ ഡിപ്പാർട്ടുമെൻറിൽ വേണ്ടതു്?

MR. N. JOHN JOSEPH (*Nominated*): എനിക്ക് ഇനി ഒരുപക്ഷേപംകൂടിയുണ്ട്. അതു അവതരിപ്പിക്കുമ്പോൾ പഠിച്ചവർക്കു കിട്ടേണ്ടഉദ്യോഗത്തെപ്പറ്റി പറഞ്ഞുകൊള്ളാം.

MR. E. V. KRISNNA PILLAI (*Kottarakara* cum *Kunnattur*): കിട്ടേണ്ട ഉദ്യോഗത്തിന്റെ പേരു പറയരുതൊ?

MR. N. JOHN JOSEPH (*Nominated*): പ്യൂൺസായിട്ടൊ മറെറാ ഉള്ള നിയമനങ്ങളാണ് ഞാൻ പറയുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): പ്യൂൺ ഉദ്യോഗം നൽകുന്നതിൽഅധഃകൃതരെ ഇന്നു് ഒഴിച്ചു നിറുത്തിയിട്ടുണ്ടൊ?

MR. N. JOHN JOSEPH (*Nominated*) ഒഴിച്ചുനിറുത്തി എന്നല്ല ഞാൻ പറയുന്നതു്. മറുള്ളസമുദായക്കാരുടെ സംഖ്യാബലമനുസരിച്ചു കൊടുക്കുമ്പോൾ അധഃകൃതരുടെ സംഖ്യാബലം തീരെഅവഗണിച്ചു ഉദ്യോഗദാനം ചെയ്യുന്ന മനസ്ഥിതി മാറണമെന്നാണ് ഞാൻ പറയുന്നതു്.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): I rise to a point of order, Sir. The motion reads thus;

"To discuss the undesirability of excluding members from the Cheramar (Pulaya) and Sambavar (Paraya) communities in the matter of appointments in the Industries Department."

The member is now speaking about the inadequacy of representation given to these communities. The motion, as it now stands, is in regard to the *exclusion* of the members of the communities mentioned. Perhaps, the member might have thought otherwise when he sent in his motion. He might have meant that the communities mentioned in the motion should be given adequate representation in the depart-

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. V. Krishna Pillai]

ment. But that is entirely a different thing from the *exclusion* of the communities concerned. I would like to have a ruling from the Chair as to whether the member is in order.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): The motion, Sir, is to reduce the allotment of Rs. 13,345 for Direction by Re. 1. And I think anything that is relevant and comes under Direction may be discussed.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): But the member is now speaking about the inadequacy of representation given to some communities.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I think that forms part of the motion proper.

MR. N. JOHN JOSEPH (*Nominated*) : ഞാൻ ഈ ഉപക്ഷേപത്തിന്റെ പരിധിയിൽ നിന്നു വിട്ടുപോയിട്ടില്ല എന്നാണ് എന്റെ ബോദ്ധ്യം. വ്യവസായഡിപ്പാർട്ടുമെന്റിലെ ഉദ്യോഗനിയമന വിഷയത്തിൽ നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാർ അധഃകൃതസമുദായത്തിൽപെട്ട സിദ്ധനർ, ചേരമർ, അയ്യനവർ, പറയർ തുടങ്ങിയുള്ള സമുദായക്കാരെ വേണ്ടവിധം പ്രോത്സാഹിപ്പിക്കുന്നില്ല എന്നുള്ള സംഗതി വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഇപ്പോൾ അഡീഷനലായി ചില നിയമനങ്ങൾ നടത്താൻ പോകുന്നതായിട്ടു കാണുന്നുണ്ട്. പ്രാതിനിധ്യം കുറഞ്ഞസമുദായക്കാർ തങ്ങൾക്കുകിട്ടണമെന്നു പറയുമ്പോൾ നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാർ വർഗ്ഗീയപ്രാതിനിധ്യമനുസരിച്ചു നിയമനം നടത്താമെന്നു പറയുന്നുണ്ടെങ്കിലും അഞ്ചുദ്യോഗമുണ്ടെങ്കിൽ അതു അഞ്ചുസമുദായക്കാക്കായി കൊടുക്കയല്ലാതെ അധഃകൃതക്ക് ഒന്നുംതന്നെ കൊടുക്കുന്നില്ല. എന്നാൽ ഇപ്പോൾ അഡീഷനലായി നിയമിക്കാൻ പോകുന്ന ഉദ്യോഗങ്ങൾ മുഴുവനുംതന്നെ അധഃകൃതക്കു നൽകി എന്നിരുന്നാലും അതു അവരുടെ സംഖ്യാബലത്തിനു് അനുയോജ്യമായിരിക്കയില്ലെന്നു മാത്രമല്ല സംഖ്യാബലത്തെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ വളരെ തുച്ഛമായ ഒരു തോതെ ആകുന്നുള്ളൂ എന്നുകൂടി ചിന്തിക്കേണ്ടതാണ്. അതിനാൽ ഇനി അഡീഷനലായിട്ടു നടത്തുന്ന നിയമനങ്ങളിൽ അധഃകൃതരുടെ സംഖ്യാബലത്തെകൂടി പരിഗണിച്ചു വ്യവസായഡയറക്ടരും ഗവണ്മെന്റും വേണ്ട ഒത്താശകൾ ചെയ്യുതരണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ സഭാസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): I support the motion.

MR. N. K. PADMANABHA PILLAI (*Director of Industries*) : Sir, the member just now informed this House that my attention.....

LIBRARY ARCHIVES Kerala Legislative Assembly

MR. N. JOHN JOSEPH (*Nominated*) : മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

MR. N. K. PADMANABHA PILLAI (*Directer of Industries*) : Can I speak in Malayalam, Sir ?

PRESIDENT : You may speak in Malayalam.

MR. N. K. PADMANABHA PILLAI (*Director of Industries*) : സർ, മി: ജാൺ ജോസഫിന്റെ സമുദായത്തിൽപ്പെട്ടയാളുകൾക്കു വ്യവസായ ഡിപ്പാർട്ടുമെന്റിൽ വേണ്ട പ്രോത്സാഹനം നൽകുന്നില്ലെന്നു പറയുന്നതു പരമാർത്ഥമല്ലെന്നു ഞാൻ ആദ്യമെ പ്രതിവാദിച്ചുകൊള്ളട്ടെ. അഞ്ചു കൊല്ലത്തിനുമുമ്പു് ഐറിനറൻ പാർട്ടി എന്നു് ഒരു സംഘം രൂപീകരിച്ചു ഗവണ്മെന്റു്. അധഃകൃതവർഗ്ഗക്കാരുടെ പ്രോത്സാഹനാർത്ഥം അവർക്കുവേണ്ട ധനസഹായങ്ങളെല്ലാം ചെയ്യുകയും പഠിതാക്കളുള്ളവർക്കു നെയ്ത്തുതറി മുതലായവ ഇട്ടുകൊടുക്കയും ചെയ്യുവരുന്നുണ്ടെന്നുള്ള വിവരം കൂടി ഇവിടെ പ്രസ്താവയോഗ്യമാണു്.

MR. N. JOHN JOSEPH (*Nominated*): ഉദ്യോഗനിയമനവിഷയത്തിൽ ഒന്നും ചെയ്തിട്ടില്ലെന്നാണു് ഞാൻപറഞ്ഞതു്.

MR. N. K. PADMANABHA PILLAI (*Director of Industries*) : യോഗ്യത ഉണ്ടെങ്കിലല്ലെ ഉദ്യോഗംകൊടുക്കേണ്ട ആവശ്യമുള്ളൂ.

MR. N. JOHN JOSEPH (*Nominated*): പലനിയമനങ്ങളും വ്യവസായഡിപ്പാർട്ടുമെന്റിൽ നിന്നും നടത്തിയിട്ടുള്ളതിൽ ഞാനുൾപ്പെട്ട സമുദായത്തിലുൾപ്പെട്ടവരുടെ അവകാശങ്ങളെ അവഗണിച്ചു എന്നാണു ഞാൻ എന്റെ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ളതു്. അതുകൊണ്ടു മറുകാര്യങ്ങളെപ്പറ്റി ഇവിടെ പറയേണ്ട ആവശ്യമില്ല.

MR. N. K. PADMANABHA PILLAI (*Director of Industries*): വ്യവസായഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗങ്ങൾ മുഴുവനും വ്യവസായപരമായിട്ടാണു്. അധഃകൃതസമുദായങ്ങളിൽപ്പെട്ട ആളുകൾക്കു വ്യവസായപരമായ വിദ്യാഭ്യാസമില്ലാത്തതിനാൽ അവർക്കുവേണ്ട പരിശീലനം കൊടുത്തു് അതിൽ വിജയികളാകുന്നവർക്കു് ഉദ്യോഗദാനം ചെയ്യുന്നതിനു വിരോധമില്ല.

MR. N. JOHN JOSEPH (*Nominated*): എന്റെ സമുദായത്തിൽപ്പെട്ടവർ ജന്മനാതന്നെ വ്യവസായത്തിൽ വാസനയുള്ളവരാണെന്ന മെംബർ മനസ്സിലാക്കിയിട്ടുണ്ടോ?

MR. N. K. PADMANABHA PILLAI (*Director of Industries*): അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

MR. N. JOHN JOSEPH (*Nominated*): അവർ ജന്മനാ വ്യവസായത്തിൽ വാസനയുള്ളവരാണ്. തക്ളിപോലെയുള്ള ഒരു സാധനം വല്ല മരച്ചീനികമ്പുകൊണ്ടോ മറ്റൊ ഉണ്ടാക്കി നൂൽനൂല്ക്കുക, ഓലകൊണ്ടു പെട്ടിഉണ്ടാക്കുക തുടങ്ങിയുള്ള പലവ്യവസായങ്ങളും പഴയകാലത്തു നടത്തിവന്നിരുന്നു. എന്നാൽ.....

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): Sir, the member is making a speech and not asking a question.

MR. N. JOHN JOSEPH (*Nominated*): ഇനിമേലെങ്കിലും ഈ സമുദായക്കാരുടെ കാര്യത്തിൽ ദൃഷ്ടിവയ്ക്കണമെന്നാണ് ഞാൻപറയുന്നതു്.

MR. N. K. PADMANABHA PILLAI (*Director of Industries*): മുമ്പു് അധഃകൃതസമുദായത്തിൽപെട്ടയാളുകളും പലവ്യവസായങ്ങളും ചെയ്യുവന്നിരുന്നിരിക്കാം. എന്നാൽ ഇപ്പോൾ അങ്ങനെ ചെയ്യുന്നില്ല. അതിനാൽ വ്യവസായസംബന്ധമായ ഏതെങ്കിലും പരിശീലനം ലഭിച്ചിട്ടില്ലാത്തയാളുകളെ അവർ കേവലം അധഃകൃതരാണെന്നുള്ള സമാധാനം കൊണ്ടുമാത്രം, ഈ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചാൽ, ഞാൻ അടുത്തതവണ ഈ സഭയിൽ വരുമ്പോൾ, ഇന്നു തോൽവ്യവസായവകുപ്പു നിറുത്തണമെന്നു പറഞ്ഞതു പോലെ മറേതെങ്കിലും ഒരു വ്യവസായവകുപ്പു്, അതു ശരിയായി നടക്കുന്നില്ലെന്നുള്ള കാരണത്തിന്മേൽ നിത്തണമെന്നു പറയേണ്ടതായി വരുമെന്നുള്ളതു തീർച്ചയാണു്. അതുകൊണ്ടുവ്യവസായവകുപ്പിൽ നല്ലപരിശീലനം സിദ്ധിച്ചവരെമാത്രമെ വയ്ക്കാൻ പാടുള്ളു.

MR. N. JOHN JOSEPH (*Nominated*): സെയിൽസ് ഡിപ്പോവിൽ സാമാനങ്ങൾ വിൽക്കുന്ന ആളിനു വ്യവസായപരമായ പരിശീലനം വേണോ?

MR. N. K. PADMANABHA PILLAI (*Director of Industries*): അത്യാവശ്യമാണു്. സാമാനമുണ്ടാക്കുന്നവരെക്കാൾവില്ക്കുന്നവരാണു് സമർത്ഥന്മാരായിരിക്കേണ്ടതു്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഉണ്ടാക്കുന്ന സാമാനങ്ങൾ എന്തു വിലയ്ക്കു വില്ക്കണമെന്ന വ്യവസ്ഥചെയ്തിട്ടില്ലെ?

MR. N. K. PADMANABHA PILLAI (*Director of Industries*): ഇല്ല.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അങ്ങാടിയിൽ വിലതക്കിച്ചു വാങ്ങിക്കുന്നതു പോലെ വാങ്ങിക്കാമെന്നാണൊ മനസ്സിലാക്കേണ്ടതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. N. K. PADMANABHA PILLAI (*Director of Industries*) : അങ്ങനെയല്ല മനസ്സിലാക്കേണ്ടത്. വിലക്കിഴിച്ചെടുത്തിയല്ല സാമാനങ്ങൾ ഇവിടെവരുന്നത്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): വിലനിശ്ചയിക്കുന്നതു സെയിൽസുമാനാണൊ?

MR. N. K. PADMANABHA PILLAI (*Director of Industries*) : അല്ല. സാമാനം ഉണ്ടാക്കുന്നയാളുവേണംവിലനിശ്ചയിക്കാൻ.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): സെയിൽസ്മാനു ടെക്കിനിക്കൽകാളിഫിക്കേഷൻ ഉണ്ടായിരിക്കണൊ?

MR. N. K. PADMANABHA PILLAI (*Director of Industries*) : തീർച്ചയായുംഉണ്ടായിരിക്കണം ഒരു സാമാനംവാങ്ങുന്നതും ആളുകളെ എടുത്തു കാണിക്കുന്നതും ആകർഷണീയമായിരിക്കണം. എന്നാൽ മാത്രമെ സെയിൽസ് ശരിയായി നടക്കയുള്ളു. അതിലേക്കുള്ളപരിശീലനം സെയിൽസുമാനുണ്ടായിരിക്കണം.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഇതിനു സ്പെഷ്യലായി ട്രെയിൻ ചെയ്യിക്കുന്നുണ്ടൊ?

MR. N. K. PADMANABHA PILLAI (*Director of Industries*) : ഇല്ല.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : ഇപ്പോഴം നിയമിച്ചിട്ടുള്ളവർ എവിടെപരിശീലനം നടത്തിയവരാണ്?

MR. N. K. PADMANABHA PILLAI (*Director of Industries*) : ഇതുവരെയും ആരെയും നിയമിച്ചിട്ടില്ല.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): സ്കൂൾ ആഫ് ആർട് സിൽ സാമാനവില്പനയ്ക്ക് ആളില്ലെ?

MR. N. K. PADMANABHA PILLAI (*Director of Industries*) : ഉണ്ട്. അവക്കു നല്ലപരിശീലനമുണ്ട്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : അവരെ എവിടെ അയച്ചുപരിശീലിപ്പിച്ചു?

MR. N. K. PADMANABHA PILLAI (*Director of Industries*) : പരിശീലിച്ചിട്ടുള്ളയാളുകളെ നിയമിക്കുകയാണു ചെയ്തത്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : അവർ എവിടെ നിന്നു പരിശീലനം നടത്തി?

MR. N. K. PADMANABHA PILLAI (*Director of Industries*): സ്കൂൾ ആഫ് ആർട്സിൽ ഒരു സ്റ്റോർകീപ്പറുണ്ട്. അയാൾ കച്ചവടം ചെയ്തുകൊ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai.]

ണ്ടിരുന്നയാളാണ്. അതുകൊണ്ട് അയാളെ സ്റ്റോർകീപ്പർ ജോലിക്കു പുറമെ വില്പനജോലിക്കുടിഏല്പിച്ചിരിക്കയാണ്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : കച്ചവടത്തിലുള്ള പരിചയം മതിയൊഇതിന്?

MR. N. K. PADMANABHA PILLAI (*Director of Industries*) : ധാരാളം മതി.

MR. N. JOHN JOSEPH (*Nominated*) : സാമാനങ്ങളുടെ വില ക്ലിപ്തപ്പെടുത്തിയാൽ അതിന് ഒരു ലിസ്റ്റുണ്ടായിരിക്കയില്ലെ?

MR. N. K. PADMANABHA PILLAI (*Director of Industries*) : കാണും.

MR. N. JOHN JOSEPH (*Nominated*) : അങ്ങനെയാണെങ്കിൽ വ്യവസായപരിജ്ഞാനമില്ലാത്തയാളായാലും ഇന്ന സാമാനത്തിന് ഇന്ന വില എന്നു നിശ്ചയിക്കുന്നതിനു വിഷമമുണ്ടാകുമൊ?

MR. N. K. PADMANABHA PILLAI (*Director of Industries*): സെയിൽസ് ഡിപ്പോവിൽ വില്ക്കുന്ന സാമാനങ്ങൾ ഗവണ്മെൻറുണ്ടാക്കുന്നതാണെന്നു തെറ്റിധരിച്ചതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. പലസ്ഥലത്തുനിന്നു പലതും ഉണ്ടാക്കീട്ടുള്ള സാമാനങ്ങൾ അവിടെ കൊണ്ടുവന്നു വിറ്റുണ്ടിയിരിക്കുന്നതുകൊണ്ടു സെയിൽസ്മാൻ പരിചയമില്ലാത്തൊരാളായിരുന്നാൽ പറയുന്നവിലയ്ക്കു മേടിക്കാനും പിന്നീടു വില്ക്കാനും സാധിക്കാതെവരുന്നതുമാകുന്നു.

ഉദ്യോഗനിയമനവിഷയത്തിൽ അധഃകൃതക്കു വേണ്ട സഹായങ്ങൾ ഇപ്പോൾതന്നെ വ്യവസായഡിപ്പാർട്ടുമെൻറു ചെയ്തുവരുന്നുണ്ട്. സെയിൽസ്ഡിപ്പോ അഭിവൃദ്ധിയിൽ വരികയും അതിൻെറ ബ്രാഞ്ചുകൾ തുറക്കേണ്ടതായിവരികയും ചെയ്യുമ്പോൾ വേണ്ട പരിശീലനമുള്ള അധഃകൃതരെ കിട്ടുകയാണെങ്കിൽ നിയമനം നടത്തുന്നതിൽ വിരോധമില്ല.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : What is the technical qualification required for a peon in the office of the Director of Industries?

MR. N. K. PADMANABHA PILLAI (*Director of Industries*) : He may require some training. Suppose he is in the Textile section; he may have to handle even yarn. An ordinary man may not be able to do that particular business of work.

MR. N. JOHN JOSEPH (*Nominated*) : ഏതായാലും അടുത്തകൊല്ലത്തിൽ നിയമനം നടത്തുമ്പോൾ അധഃകൃതരെമറന്നുകളയുകയില്ലല്ലൊ?

MR. N. K. PADMANABHA PILLAI (*Director of Industries*) : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. N. JOHN JOSEPH (*Nominated*): ഈ ഉപക്ഷേപം പിൻവലിക്കുന്നതിന് അനുവാദം ചോദിച്ചുകൊള്ളുന്നു.

PRESIDENT: Has the member leave of the House to withdraw the motion.

The motion was by leave withdrawn.

Motion No. 153

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഡയറക്ഷനു ചേത്തിട്ടുള്ള ഫണ്ടിൽ 8 ശ്രപായിൽനിന്നു നൂ ശ്രപാകുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാനിവിടെ അവതരിപ്പിച്ചുകൊള്ളുന്നു. വ്യവസായഡിപ്പാർട്ടുമെൻറിന്റെ ആഭിമുഖ്യത്തിൽ ഒരു സെയിൽസ്ഡിപ്പോ തുറക്കാൻപോകുന്നു എന്നും തന്മൂലം വ്യവസായപരമായ ഒരു പുതിയകാലത്തേയ്ക്കാണു് ഗവണ്മെൻറ് എത്തിയിരിക്കുന്നതെന്നും ഡയറക്ടരുടെ ഇതുവരെയുള്ള പ്രവൃത്തികൾകൊണ്ടു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. എന്നാൽ ഈ സെയിൽസ്ഡിപ്പോ തിരുവനന്തപുരത്തുമാത്രം തുടങ്ങാതെ വടക്കൻ തിരുവിതാംകൂറിലും തെക്കൻ തിരുവിതാംകൂറിലുമുള്ള ജനങ്ങൾക്കുകൂടി പ്രയോജനപ്പെടത്തക്കവണ്ണം മൂന്നോ നാലോ ഡിപ്പോകൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും തുറക്കുകയും രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ഓരോരുത്തരുണ്ടാക്കുന്ന സാധനങ്ങൾ വില്ക്കുന്നതിനും വാങ്ങിക്കുന്നതിനും വേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുക്കയും ചെയ്യണമെന്നുള്ള സംഗതി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്.

MR. A. NARAYANA PILLAI (*Vaikam*): എല്ലാ താലൂക്കുകളിലും സെയിൽസ്ഡിപ്പോ തുടങ്ങുന്നതുകൊണ്ടു വിരോധമുണ്ടോ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): വിരോധമില്ല. എന്നാൽ തത്കാലം അതു സാദ്ധ്യമാകുമോ എന്നു ഞാൻ സംശയിക്കുന്നു. അതുകൊണ്ടു വടക്കൻതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും തെക്കൻതിരുവിതാംകൂറിലും ഓരോ സെയിൽസ്ഡിപ്പോ തല്ക്കാലം തുറന്നാൽ മതി എന്നാണു് എന്റെ അഭിപ്രായം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): സെയിൽസ്ഡിപ്പോവിന്റെ ആവശ്യമെന്താണു്?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ആവശ്യമുള്ള സാധനങ്ങൾ വരുത്തി വില്ക്കുന്നതിനാണു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): എവിടെനിന്നു വരുത്തി വില്ക്കുവാനാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽനിന്നു ചിലപ്പോൾ തിരുവിതാംകൂറിനുപുറത്തുനിന്നു നമുക്കാവശ്യമുള്ള സാമാനങ്ങളും വാങ്ങി വില്ക്കുന്നതിനാണു്.

MR. R. NILAKANTA PILLAI (*Financial Secretary to Government*) : ഇപ്പോൾ സാമാനങ്ങളും വാങ്ങിക്കാതെ വിഷമപ്പെട്ടുകൊണ്ടിരിക്കയാണൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : സാമാനം കിട്ടാതെ വിഷമിക്കുന്നവർ ധാരാളമുണ്ടു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): സാമാനം വില്ക്കാൻ നിവൃത്തിയില്ലാതെവിഷമിക്കുന്നവരില്ലെ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : ധാരാളമുണ്ടു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : പരസ്പരസഹായസംഘംസ്റ്റോർപോലെ സാമാനങ്ങളും വരുത്തി വില്ക്കണമെന്നാണൊ പറയുന്നതു്?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): സെയിൽസ്ഡിപ്പോവിന്റെ ഉദ്ദേശം വ്യവസായപരമായ സാമാനങ്ങളെ ശേഖരിച്ചു് അതിലേക്കു മാർക്കറ്റു് ഉണ്ടാക്കികൊടുക്കുക എന്നുള്ളതാണു് എന്നാണു ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്.

MR. K. KRISHNAN NAYAR (*Pattanamtitta*) : തിരുവിതാംകൂറിലുള്ള സാമാനങ്ങളുംമാത്രം ശേഖരിച്ചാൽ മതിയൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഞാൻ തിരുവിതാംകൂറിലുള്ള സാമാനങ്ങളെ ഉദ്ദേശിച്ചുമാത്രമെ പറഞ്ഞുള്ളു. എന്നാൽ വിദേശങ്ങളിൽനിന്നു നമുക്കാവശ്യമുള്ള സാധനങ്ങളും ഇവിടെ വരുത്തി വില്ക്കുന്നതിൽ എനിക്കു വിരോധമില്ല.

ഈ ഡിപ്പൊ തിരുവനന്തപുരത്തുമാത്രം സ്ഥാപിച്ചതുകൊണ്ടു ജനങ്ങളുംക്കു വലിയ പ്രയോജനം ഉണ്ടാകുന്നതല്ല. അതിനാൽ കുറഞ്ഞതു് ഒരു മൂന്നുഡിപ്പൊവെങ്കിലും സ്ഥാപിക്കേണ്ടതാണു്. എന്നു മാത്രമല്ല ഒരു ഭാഗത്തെ ജനങ്ങളുംക്കുമാത്രം ഉപയോഗപ്രദമായ രീതിയിൽ ഒന്നുസ്ഥാപിക്കുന്നതു് ഒരു വിധത്തിലും നീതീകരിക്കത്തക്കതുമല്ല.

MR. A. NARAYANA PILLAI (*Vaikam*) : മറ്റുസ്ഥലങ്ങളിൽ ഓരൊരൊ ജൻറന്മാരെ വയ്ക്കുകയും തിരുവനന്തപുരത്തുമാത്രം ഒരു ഡിപ്പൊ തുറക്കുകയും ചെയ്യുന്നതുകൊണ്ടു വിരോധമുണ്ടൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : അതും നല്ലതാണു്, വടക്കൻ തിരുവിതാംകൂറിൽ കിട്ടാത്തസാധനങ്ങളും തെക്കൻ തിരുവിതാം

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിലും, തെക്കൻ തിരുവിതാംക്കുറിൽ കിട്ടാത്തസാധനങ്ങളും വടക്കൻ തിരുവിതാംക്കുറിലും കണ്ടേക്കാം. അങ്ങനെയുള്ള സാധനങ്ങളെ ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് അയച്ചു വില്പാൻ ഉണ്ടതാണ്. ഇപ്പോഴുംതന്നെ മൂവാറ്റുപുഴ, കുന്നത്തുനാട് ഇതാലൂക്കുകളിൽ ക്രുവന്തുറുണ്ടാക്കുന്നുണ്ട്. മുപ്പതിനായിരമൊ നാല്പതിനായിരമൊ രൂപായുടെ ക്രുവന്തുറ ഇപ്പോഴും വിദേശങ്ങളിലേക്കുപോയികൊണ്ടിരിക്കയാണ്. ലാഭംമുഴുവനും വിദേശകമ്പനിക്കാക്കാണ് കിട്ടുന്നതു്. കാരണം ഇവിടത്തുകാർക്കു് അതിന്റെ മാക്കറു് എവിടെയാണെന്നറിഞ്ഞുക്കൂടാത്തതുകൊണ്ടാണ്.

MR. A. NARAYANA PILLAI (*Vaikam*): ക്രുവന്തുറ വളരെ വിലയുള്ളതാണെന്നു റിപ്പോർട്ടില്ലെ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*) ഉണ്ടു്.

MR. K. KUNJUKRISHNA PILLAI (*Quilon*): സെയിൽസ്ഡിപ്പൊ തുടങ്ങുന്നതു ഇപ്പോഴും പരീക്ഷണാത്മാണല്ലൊ. അതു് ഒരുസ്ഥലത്തുതുടങ്ങി ലാഭമൊ നഷ്ടമൊ എന്നറിഞ്ഞശേഷം ലാഭമാണെങ്കിൽ മറു സ്ഥലങ്ങളിൽ തുടങ്ങിയാൽപോരെ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): സെയിൽസ്ഡിപ്പോവിൽ ലാഭം കിട്ടുമെന്നതോന്നുന്നില്ല.

MR. K. KUNJUKRISHNA PILLAI (*Quilon*): നഷ്ടമില്ലാതിരിക്കണമല്ലൊ.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) നഷ്ടംവരാതിരിക്കത്തക്കവണ്ണമുള്ള വ്യവസ്ഥയിന്മേൽ തുടങ്ങാമല്ലൊ.

MR. K. KUNJUKRISHNA PILLAI (*Quilon*): നഷ്ടംവരുമൊ ലാഭംകിട്ടുമൊ എന്നുള്ളതു നമുക്കിപ്പോഴും അറിയാൻ മാർഗ്ഗമുണ്ടൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*). ഇപ്പോഴത്തെ ഡയറക്ടർസമർത്ഥനും നല്ലനിശ്ചയമുള്ളയാളുമായതുകൊണ്ടു ഡിപ്പൊതുടങ്ങുന്നതുകൊണ്ടു നഷ്ടംവരുമെന്നു തോന്നുന്നില്ല.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*). ഒരു ഡിപ്പൊമാത്രം മതി എന്നു നിശ്ചയിക്കുന്നപക്ഷം അതു മദ്ധ്യതിരുവിതാംകുറിലായിരിക്കുന്നതല്ലെ തിരുവനന്തപുരത്തെക്കാൾ നല്ലതു'?

MR. K. P. KOCHUKORA TARAKAN (*Kunnatnad*). അതിനെസംബന്ധിച്ചു പലർക്കും പല അഭിപ്രായങ്ങളും കണ്ടേക്കാം. ഒരെണ്ണമെ തുറക്കുന്നുള്ളുവെങ്കിൽ അതു തലസ്ഥാന നഗരിയിൽതന്നെയിരിക്കുന്നതാണു നല്ലതു്. എന്നാൽ ഇതു് ഒരു ഡിപ്പൊവിൽമാത്രം അവസാനിച്ചാൽപോരാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tarakan.]

എന്നും കൂടുതൽ ഡിപ്പോകൾ തുറക്കേണ്ടതാണെന്നുമുള്ള സംഗതി ഡയറക്ടർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

MR. K. KRISHNAN NAYAR (*Pattanamtitta*): രണ്ടോ മൂന്നോ ഡിപ്പോവുകൾ തുറന്നാൽ ഒന്നിലുണ്ടാകുന്ന നഷ്ടം മറ്റൊന്നുകൊണ്ടു പരിഹരിക്കാമെന്നു വരുമോ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അങ്ങനെയും വരാം. കൂട്ട, വട്ടി, മൂരൽപെട്ടി, തുടങ്ങിയുള്ള സാധനങ്ങൾ ഇപ്പോൾ കുന്നത്തുനാട്ടുതാലൂക്കിൽ പറയർ ഉണ്ടാക്കുന്നുണ്ടു. തിരുവനന്തപുരത്തുവന്നാൽ ഒരു രൂപാകൊടുത്തുവാങ്ങിക്കേണ്ടിവരുന്ന ഈ സാധനങ്ങൾക്കു് അവിടെ രണ്ടണയൊ മൂന്നണയൊ മാത്രമെ വിലയുള്ളു. ആലുവായിൽ ഒരു ഡിപ്പോ ഉണ്ടായിരിക്കുന്നപക്ഷം ഈ സാധനങ്ങൾ ഉണ്ടാക്കുന്ന സാധുക്കൾക്കു നല്ലവിലകിട്ടുന്നതിനുമാത്രമുണ്ടാകുമായിരുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഡിപ്പോവിൽ ഉദ്യോഗസ്ഥന്മാർ സാമാനം വിറ്റാൽ നഷ്ടമല്ലാതെ ലാഭം വരുമൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഉദ്യോഗസ്ഥന്മാരെതന്നെ ഇതിനു ചുമതലപ്പെടുത്തണമെന്നു ഞാൻ പറയുന്നില്ല. അഥവാ ഉദ്യോഗസ്ഥന്മാർതന്നെ വില്പന നടത്തിയാലും നഷ്ടംവരുമെന്നു് എനിക്കഭിപ്രായമില്ല. എന്നാൽ തനിക്കുകിട്ടുന്ന ശമ്പളം മതി എന്നുവിചാരിക്കുന്ന ഉദ്യോഗസ്ഥന്മാരെ കിട്ടിയാൽ വിഷമമില്ലായിരുന്നു. അങ്ങനെയല്ലാത്ത ഉദ്യോഗസ്ഥന്മാരാണെങ്കിൽ അതു ജനോപദ്രവകരമായി പരിണമിക്കാനെ തരമുള്ളു. അതുകൊണ്ടു് ഏജന്റന്മാരെതന്നെവച്ചു നടത്താം. തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും ഏജന്റന്മാരെവച്ചു സാധനങ്ങൾ ശേഖരിക്കുന്നതിനും വില്ക്കുന്നതിനും വേണ്ടവ്യവസ്ഥകൾ വരുത്തുന്നതിനു വ്യവസായഡയറക്ടർ പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

MR. M. P. MADHAVAN PILLAI (*Tiruvalla*): മൂന്നുഡിപ്പോവുകൾ തുറക്കണമെന്നു മെമ്പർ പറഞ്ഞല്ലൊ. അതു് എവിടെയെല്ലാമായിരിക്കണം?

MR. K. P. KOCHUKORA TARAKAN (*Kunnatnad*) വടക്കൻതിരുവിതാംകൂറിലും, മദ്ധ്യതിരുവിതാംകൂറിലും, തെക്കൻതിരുവിതാംകൂറിലും.

MR. M. P. MADHAVAN PILLAI (*Tiruvalla*): ഏതു സ്ഥലത്തായിരിക്കണം?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഇന്ന പ്രദേശത്തുതന്നെ ആയിരിക്കണമെന്നു് എനിക്കു നിർബന്ധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): I support the motion because it is only fair to this House that the Director of Industries explains the new programme of the establishment of sales depot and other institutions promised in the next year's Budget. We are not yet introduced to the details of the programme so that we might be enabled to form any definite idea as to the method proposed to be pursued by the Director. It will be seen again that this is the fourth time I quote Mr. I. C. Chacko—from page 10 of the *Report* of the Industries Department that the Travancore public is ever anxious to get as much information as possible from the industrial authorities. It is stated by him :

> " The lack of facilities for marketing the material produced in such small quantities and without regard to the finer sides of such a trade militates against the establishment of these industries as profitable concerns.

This is an index of the feeling of the people in matters industrial. As is suggested by the Financial Secretary in his speech, with the opening of the sales depots, it is sought to promote the indigenous industries by the display of the products of the cottage industries elsewhere and also by the interchange of articles from here with other States like Hyderabad and Mysore. Anyway, on hearing the explanation of the Director of Industries as to what definite programme he is going to adopt in pursuance of the new proposal, it is for the House to decide whether that is necessary or not.

MR. P. S. MAHOMED (*Nominated*): ഏതൊരു രാജ്യത്തിന്റെയും ഐശ്വര്യം നിശ്ചയിക്കുന്നത് ആ രാജ്യത്തുള്ള വ്യവസായങ്ങളെ ആശ്രയിച്ചു മാത്രമാണ്. ഏതൊരു രാജ്യത്തു വ്യവസായം ഉയർന്ന നിലയിലിരിക്കുന്നുവൊ ആ രാജ്യത്തെ സാമ്പത്തികനിലയും ഉയർന്നിരിക്കുന്നതായിട്ടാണ് നാം കാണുന്നത്. ഉദാഹരണമായി അമേരിക്കയെ തന്നെ നമുക്കു നോക്കാം. ഇന്ന് അവിടെ കാണുന്ന സാമ്പത്തികാഭിവൃദ്ധി മുഴുവനും ആ രാജ്യത്തുള്ള വ്യവസായങ്ങളുടെ ഫലമാണെന്നുള്ളതു നിസ്സംശയമായ സംഗതിയാണ്.

തിരുവിതാംകൂർ നാളതുവരെയും ഒരു കാർഷികരാജ്യമായി മാത്രമാണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടാണ് തിരുവിതാംകൂറിലെ ജനങ്ങളും ഭൂരിപക്ഷവും ദരിദ്രരായി കാലം കഴിക്കേണ്ടതായി വന്നത്. അസംസ്കൃതസാധനങ്ങൾ നമുക്കു ധാരാളം ഇവിടെ ലഭിച്ചു കൊണ്ടിരിക്കുന്നതുകൊണ്ടു നമ്മുടെ രാജ്യത്തെ ഒരു വ്യവസായപ്രധാനമായ രാജ്യമാക്കിതീർക്കുന്നതിനു വളരെ പ്രയാസമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഈ പരിതഃസ്ഥിതിയെ മുൻനിറുത്തിയായിരിക്കണം ഇവിടെ ഒരു ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറു സ്ഥാപിച്ചിട്ടുള്ളതു്. പക്ഷെ നാളതുവരെയും ഈ ഡിപ്പാർട്ടുമെൻറു ജനങ്ങൾക്കെന്തുമാത്രമുള്ളു, ഗവണ്മെൻറിനു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed]

ക്രടിയും തൃപ്തികരമായ നിലയിൽ എത്തിച്ചേന്നിട്ടില്ലെന്ന പറയുന്നതിൽ എനിക്ക് അശേഷം മടിയില്ല. ഈ രാജ്യത്തെ വ്യവസായത്തിനുള്ള വലിയ ന്യൂനത ഇവിടെയുണ്ടാക്കുന്ന സാധനങ്ങൾക്കു ശരിയായ വിലകിട്ടുന്നില്ലെന്നുള്ളതാണ്. ഈ ന്യൂനതയെ പരിഹരിക്കുന്നതിന് ഈ സെയിൽസ് ഡിപ്പോ കൊണ്ടു പ്രയോജനപ്പെടുമെന്നു വരുകിൽ അതുകൊണ്ടു ജനങ്ങൾക്കും ഇവിടത്തെ വ്യവസായത്തിനു പൊതുവെയും വല്ല ഗുണവുമുണ്ടാകുമെന്നുള്ളതു തീച്ചയാണ്. എന്നാൽ ഈ സെയിൽസ് ഡിപ്പോ തുറക്കുന്നതിന്റെ ഉദ്ദേശമെന്തെല്ലാമാണെന്നു നമുക്കിതുവരെ പൂർണ്ണമായി അറിയാൻ സാധിച്ചിട്ടില്ല. തിരുവിതാംകൂറിലെ സാധനങ്ങളധികവും ബ്രിട്ടീഷ് ഇൻഡ്യയിൽ ചിലവാകുന്ന സാധനങ്ങളാണ്. പുരുക്കം ചില സാധനങ്ങൾ മാത്രമെ വിദേശത്തേയ്ക്കു പോകുന്നുള്ളൂ. അതുകൊണ്ടു ബ്രിട്ടീഷ് ഇൻഡ്യയിലെ പല ഭാഗങ്ങളുമായി കച്ചവടം നടത്തുന്നതിനുള്ള നിലയിൽ വേണ്ട വ്യവസ്ഥകളോടുകൂടിയാണ് സെയിൽസ് ഡിപ്പോ തുടങ്ങി ഏതൽപ്രവർത്തകന്മാർ പ്രവർത്തിക്കാൻ പോകുന്നതെങ്കിൽ അതു രാജ്യത്തിനും ജനങ്ങൾക്കും ഒരുപോലെ അഭിവൃദ്ധിപ്രദമായിരിക്കുമെന്നാണ് എന്റെ വിശ്വാസം. ഏതായാലും ഇതു് ഒരു പരീക്ഷണമായി മാത്രം തുടങ്ങാൻ പോകുന്നതുകൊണ്ട്, ഇപ്പോൾ തന്നെ ഈ സെയിൽസ് ഡിപ്പോകളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതു് അനുചിതമായിരിക്കുമെന്നു് എനിക്കു തോന്നുന്നില്ല. ഇതു് ആദ്യമായി എവിടെയെങ്കിലും ഒരു സ്ഥലത്തു സ്ഥാപിച്ചു്, അതിന്റെ ഫലം ഏതു തരത്തിലാണെന്നറിഞ്ഞതിനു ശേഷമല്ലാതെ വേറെ ഒരു സ്ഥലത്തുകൂടി സ്ഥാപിക്കുന്നതു് അതു ബുദ്ധിപൂർവ്വകമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നുമില്ല.

MR. N. K. PADMANABHA PILLAI (*Director of Industries*) : Sir, there has been a lot of criticism about the sales depot. In fact, I had not informed the House anything about the working of the sales depot., I have only asked for a grant to open a sales depot at Trivandrum, the headquarters of the State. Now, according to the members' veiwthey really want a few more in different parts of Travancore. So,the question is what I am going to do with the sales depot at the headquarters. The object of the depot in Trivandrum is just to collect all the industrial products of Travancore and find a market for them all over Travancore as well as outside. For this, my idea is to have agents in different parts of the country.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : May I know whether thereis Budget provision for that ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. K. PADMANABHA PILLAI (*Director of Industries*) : Yes, in the provision for the sales depot.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : That is only limited.

MR. N. K. PADMANABHA PILLAI (*Director of Industries*) : About 10 per cent. is available to distribute to the agents. The details have yet to be worked.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഇത് കളക്ഷൻ ചെയ്യാൻ മെമ്പർ ഉദ്ദേശിക്കുന്ന മാർഗ്ഗം എന്താണ്?

MR. N. K. PADMANABHA PILLAI (*Director of Industries*): ഞാൻ മുമ്പു പറഞ്ഞ ഐറിനറന്റെ പാർട്ടി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഉണ്ട്. പ്രധാനപ്പെട്ട വിവരങ്ങൾ അവർ ശേഖരിച്ച് ഇവിടെ അയക്കും. ഈ ഏജൻസി കൊണ്ടു ഇവിടെയുള്ള സാധനങ്ങൾ വിദേശത്തയക്കുന്നതിനും വിദേശങ്ങളിലുള്ള സാധനങ്ങൾ ഇവിടെ വരുത്തുന്നതിനും സാധിക്കും.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Could this collection be done through co-operative societies?

MR. N. K. PADMANABHA PILLAI (*Director of Industries*): The idea at present is to have a store here with agency all over the State. All businesses are on co-operative basis.

MR. K. P. ABRAHAM (*Muvttupuzha* cum *Todupuzha*) : May I know what capital will be required for that?

MR. N. K. PADMANABHA PILLAI (*Director of Industries*) : We have a debt head account of Rs. 10,000. If I sell for Rs 10,000—I can draw another ten thousand rupees, get the articles and sell. If it is for Rs. 5,000 the selling will be proportionate to that.

MR. A. NARAYANA PILLAI (*Vaikam*): ഏജന്റന്മാർക്ക് മുമ്പേറായിട്ടു പണം കൊടുക്കുമോ?

MR. N. K. PADMANABHA PILLAI (*Director of Industries*) : ഒക്കും മുമ്പേറായി പണം കൊടുക്കയില്ല. നേരെ മറിച്ച് ഏജൻറന്മാർ ഡിപ്പോസിറ്റ് വയ്ക്കണം.

MR. A. NARAYANA PILLAI (*Vaikam*) : ഏജൻറന്മാർ സാമാനം ശേഖരിക്കുമ്പോൾ പണം കൊടുക്കുമോ?

MR. N. K. PADMANABHA PILLAI)*Director of Industries*) : സാമാനം വില്ക്കുന്നതനുസരിച്ചുകൊടുക്കും.

MR. A. NARAYANA PILLAI (*Vaikam*): വില്ക്കാനല്ല; സാമാനം ശേഖരിക്കുമ്പോൾ പണം കൊടുക്കുമോ എന്നാണ് ചോദിച്ചത്?

MR. N. K. PADMANABHA PILLAI (*Director of Industries*): വില്ക്കാനുള്ള സാമാനമല്ലെ ശേഖരിക്കാൻ സാധിക്കയുള്ളൂ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. NARAYANA PILLAI (*Vaikam*) : സാമാനങ്ങൾ അതാതു സ്ഥലങ്ങളിൽ ശേഖരിച്ചു വേണ്ടേ സെൻട്രൽ ഡിപ്പോവിലയക്കാൻ?

MR. N. K. PADMANABHA PILLAI (*Director of Industries*) : ശേഖരിക്കുന്ന സ്ഥലങ്ങളിലും വേണമെങ്കിൽ വില്ക്കാം.

MR. A. NARAYANA PILLAI (*Vaikam*) : അവിടെ ശേഖരിക്കുന്നതിനനുസരിച്ചുള്ള പണം കൊടുക്കയില്ലെ?

MR. N. K. PADMANABHA PILLAI (*Director of Industries*) : ചിലപ്പോൾ കൊടുത്തേയ്ക്കാനും മതി.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*) : By these sales, do Government contemplate any profit or intend only for sale?

MR. N. K. PADMANABHA PILLAI (*Director of Industries*): Only for sale and not for profit for Government. The Government should not incur any expenditure thereby, that is all.

MR. A. NARAYANA PILLAI (*Vaikam*): സാമാനങ്ങൾ ശേഖരിക്കുന്നതിനു മൊണാപ്പളി കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടൊ?

MR. N. K. PADMANABHA PILLAI (*Director of Industries*) : സെയിൽസ് ഡിപ്പോ തുറന്നു് അതു എങ്ങിനെ വേലചെയ്യുമെന്നും മറ്റും ഉള്ള ഒരു പദ്ധതി ഉണ്ടാക്കിയതിനുശേഷമെ നിശ്ചയിക്കാൻ തരമുള്ളൂ.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : തിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും ഏജൻറന്മാരെ വച്ചു സാമാനങ്ങൾ ശേഖരിയ്ക്കുമെന്നാണല്ലൊ മെമ്പർ പറഞ്ഞതു്?

MR. N. K. PADMANABHA PILLAI (*Director of Industries*): അതാണുദ്ദേശം. മെമ്പർ തന്നെ പറഞ്ഞതുപോലെ തെക്കൻ തിരുവിതാംകൂറിൽ കിട്ടുന്നസാമാനങ്ങൾ വടക്കൻ തിരുതിതാംകൂറിൽ കിട്ടിയില്ല എന്നുവരാം. അതുപോലെ തന്നെ വടക്കൻതിരുവിതാംകൂറിൽ കിട്ടുന്ന സാധനങ്ങൾ തെക്കൻ തിരുവിതാംകൂറിൽ കിട്ടിയില്ലെന്നും വരാം. അതിനാൽ ഒരുപ്രദേശത്തു കിട്ടാത്ത സാധാനം ശേഖരിച്ചു്, അതു കിട്ടാത്തതും എന്നാൽ ആ സാധനം ആവശ്യപ്പെടാവുന്നതുമായ പ്രദേശങ്ങളിലേക്കു് അയച്ചു കൊടുക്കത്തക്കവണ്ണം വേണ്ടഏർപ്പാടുകൾ ചെയ്യണമെന്നുള്ളതാണു് ഉദ്ദേശം.

MR. M. P. MADHAVAN PILLAI (*Tiruvalla*): ഈ സെയിൽസ് ഡിപ്പോവിൽ ശേഖരിക്കുന്ന സാധനങ്ങളുടെ പേരു പറയാമൊ?

MR. N. K. PADMANABHA PILLAI (*Director of Industries*) : വ്യവസായ പരമായി ഉണ്ടാകുന്ന സാധനങ്ങളെല്ലാം ഈ ഡിപ്പോമുഖാന്തരം വില്ക്കാം. ഇപ്പോൾ തന്നെ കയറുപായുണ്ടു്; അതിനു പുതിയതായി ഒരു ഏജൻസി ഉണ്ടാക്കിയാൽ ലാഭത്തിൽ വില്ക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

MR. RAMA VARMA RAJA (*Eduvaga*): ക്വപ്പൊടി ഇതിന്റെ ക്വട്ടത്തിൽ ഉൾപ്പെട്ടതാണൊ ?

MR. N. K. PADMANABHA PILLAI (*Director of Industries*): അതെ. ഇൻഡസ്ട്രിയലായിട്ടുണ്ടാക്കുന്നതും, വച്ചു സൂക്ഷിക്കാവുന്നതുമായ സാധനങ്ങളെല്ലാം സെയിൽസ് ഡിപ്പൊവിൽ ശേഖരിക്കാം.

MR. K. KUNJUKRISHNA PILLAI (*Quilon*): May I know whether any sale was attempted by the department at any time before ?

MR. N. K. PADMANABHA PILLAI (*Director of Industries*): Not by this method.

MR. K. KUNJUKRISHNA PILLAI (*Quilon*): I believe some sales were effected before and may I know what was the result of the experiment ?

MR. N. K. PADMANABHA PILLAI (*Director of Industries*): It is true some products were sold. I have not got the figures here.

MR. K. KUNJUKRISHNA PILLAI (*Quilon*) : Did it prove to be a loss or gain ?

MR. N. K. PADMANABHA PILLAI (*Director of Industries*) : There was then no separate sales depot.

MR. K. KUNJUKRISHNA PILLAI (*Quilon*) : But some sales were undertaken by the department ?

MR. N. K. PADMANABHA PILLAI (*Director of Industries*) Some manufactured products of each section of the department were being sold, not for any profit. But, during the course of instruction certain articles are manufactured and sold at least to get back the amount spent for its production.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Are there sales depots in Hyderabad and Mysore ?

MR. N. K. PADMANABHA PILLAI (*Director of Industries*) : There are.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Are they working successfully ?

MR. N. K. PADMANABHA PILLAI (*Director of Industries*) : Some of them are. Very recently the Mysore branch of the Arts and Crafts depot was stopped. They sell only things artistic. That particular section is closed and the remaining sections are working very well.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): തിരുവിതാംകൂറിൽ പുല്ലുപാ ഉണ്ടാക്കുന്നതായി അറിയാമൊ?

MR. N. K. PADMANABHA PILLAI (*Director of Industries*): അറിയാം.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : ഏതു ഭാഗത്താണ് ഉണ്ടാക്കിവരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

MR. N. K. PADMANABHA PILLAI (*Director of Industries*): ചെങ്കോട്ട യിലും നാഗർകോവിലിലും ചിലഭാഗങ്ങളിൽ നെയ്യുന്നുണ്ട്. ഇതിനുംപു റമെ അലുവായിൽ പാലക്കാട്ടുനിന്നും വന്നുതാമസിക്കുന്ന ചിലർ പല്ല പാ ഉണ്ടാക്കാറുണ്ട്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): തിരുവിതാംകൂറി ന്റെ നാനാഭാഗങ്ങളിലും ഏജൻറന്മാരെ വച്ചു സെയിൽസ് ഡിപ്പോ വിന്റെ ആവശ്യം നടത്താമെന്നു ഡയറക്ടർ പറയുന്നതിനാൽ ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നതിനു് അനുവാദം ചോദിച്ചുകൊള്ളുന്നു.

